K. SUDHAKARAN NADAR.
UNIVERSITY COLLEGE
TRIVANDRUM.

206

KIDARAKUZHI
VENGANOOR.

# അന്തർദാഹം

206
JAWAHAR SMARAKA
KIDARAKUZHI
GRANDHASALA

## 'ജി'യുടെ കൃതികൾ

പൂജാപുഷ്പം

വനഗായകൻ

ഇതളുകൾ

സൂര്യകാന്തി

വിലാസലഹരി

മുത്തുകൾ

നിമിഷം

മേഘച്ഛായ

പഥികന്റെ പാട്ട്

സാഹിത്യകൗതുകം (നാലുഭാഗം)

മധ്യമവ്യായോഗം

ആഗസ്റ്റ്, 15

സന്ധ്യ

ഇരുട്ടിനു മുൻപ്

നവാതിഥി

ചെങ്കതിരുകൾ

ഓടക്കുഴൽ

ഇളംചുണ്ടുകൾ

ഗദ്യോപഹാരം

ലേഖമാല

രാക്കുയിലുകൾ

വെള്ളിൽപ്പറവകൾ

206

# അന്തർദാഹം

ജി. ശങ്കരക്കുറുപ്പ്

POEMS

വിതരണം-

നാഷനൽ ബുക്സ്റ്റാൾ

കളരിക്കൽ ബസാർ, കോട്ടയം

വില 1 ക. 6 ണ.

1-4-0

ഒന്നാം പതിപ്പ്—കോപ്പി 1000

ആഗസ്റ്റ് 1953

രണ്ടാം പതിപ്പ്—കോപ്പി 2500

മേയ്, 1955

പകർപ്പവകാശം ഗ്രന്ഥകാരന്

പരിഷന്മുദ്രണാലയം,

എറണാകുളം.

# ഉള്ളടക്കം

(വെണ്ണിക്കുളം)


അന്തർദാഹം ✓

ഇണക്കുരുവികൾ ✓

പ്രഭാതദീപം ✓

കളിത്തോഴി ✓

മുകരുമ്പോൾ ✓

ജീവിതയാത്ര ✓

പരാഗം ✓

വെള്ളിത്തിരയിൽ ✓

മൂങ്ങ മൂളുന്ന കൊട്ടാരത്തിൽ ✓

സ്വപ്നാലാപം ✓

X അഭിവാദനം ✓ important (representative method)

രണ്ടു ശബ്ദം ✓

ഗീതകങ്ങൾ ✓

JAWAHAR SMARAKA
KIDARAKUZHI
GRANDHASALA

# അന്തർദാഹം

ഭാവാത്മകകവിതകളുടെ മണ്ഡലത്തിൽ എനിക്കു് ഏററവും ഹൃദ്യമായിത്തീൎന്നിട്ടുള്ളതു് ഗീതം (Ode) ആണു്. ഗീതികളുടെ (Songs) മധുരലാഘവം ഇല്ലെങ്കിലും, അവയ്ക്കില്ലാത്ത ഉജ്ജ്വലഗാംഭീര്യം അതിനുണ്ടു്. വൈകാരികാന്തരിക്ഷത്തിൽ ഭാവനാദീപ്തമായ ചിറകുപരത്തി ഗീതത്തിനു് അതിദൂരം ഉയൎന്നു സഞ്ചരിക്കയും ആവാം.

അദ്ധ്യയനം കഴിഞ്ഞു പച്ചപ്പാടങ്ങളിലൂടെ ഗ്രാമഗൃഹത്തിലേയ്ക്കു മടങ്ങുമ്പോഴം, അദ്ധ്യാപനം കഴിച്ചു് ഇളമ്പുൽത്തകിടിയിൽ ഇളകൊള്ളുമ്പോഴം, അന്തികാലംതോറും എനിക്കു് ഉന്മേഷം പകൎന്നുതന്നിരുന്ന വെള്ളിനക്ഷത്രം എന്റെ ആകൗമാരമിത്രം ആണു്. ആ ചങ്ങാതിയൊന്നിച്ചു ജീവിതത്തിൽനിന്നു് ഒളിച്ചോടിപ്പോകാനല്ല, ജീവിതജീൎണ്ണതകളെക്കുറിച്ചുള്ള വേദന പറഞ്ഞുതീൎക്കുവാനാണു്, ഈ ഗീതത്തിൽ ഞാൻ ഉദ്യമിച്ചിട്ടുള്ളതു്; വെള്ളിനക്ഷത്രത്തിന്റെ ആത്മലാവണ്യമെങ്കിലും മങ്ങാതെയും മായാതെയും നിൽക്കട്ടെ എന്നാശംസിക്കാനും.

1

ഒച്ചയുമനക്കവും
കൂടാതെ നീലാകാശ-

മച്ചകമരതക-
ജാലകം തുറന്നാരാൽ, ദൂരെ. (അകലെ)

അന്തിതൻ ശബളമാം
കാന്തിയിൽ ദിക്ചക്രത്തിൽ — ചക്രവാളത്തിൽ.

ചിന്തിയ മുകിലുകൾ
തളിക്കാനാരംഭിക്കെ,

സ്വച്ഛവും സരളവു-
മായ പുഞ്ചിരി തൂകി

സ്വച്ഛന്ദമൊരപ്സര-
സ്സെന്നപോൽ സവിലാസം

ശരൽകാല സന്ധ്യ.

ശാരദസായംകാല-
സൗഭാഗ്യോജ്ജ്വലഗർവ്വം

താരകേ! നീ വന്നിന്നും
നിൽക്കുന്നു യഥാപൂർവ്വം! പണ്ടത്തെപ്പോലെ.

താവകമിഴിയിലെ
സ്നേഹദീപ്തമാം കണ്ണീർ

ജീവനാൽ നുകന്നെന്നെ-
ക്കേവലം മറന്നു ഞാൻ

മേവിന സുദുർല്ലഭ-
നിമിഷങ്ങളുണ്ടെ,ല്ലാം

പോയ് വിലയിച്ചു ദൂര-
സ്മൃതിമേഖലയിങ്കൽ.

ഹാ, കുതിക്കുവാൻ നോക്കാം
ഭാവനയാലാ ബ്ഭാഗ്യം

പൂകുവാൻ, പുതുക്കുവാൻ
ദിവ്യമാമനുഭവം!

## ii

നിഷ്ഫലം. മോഘമാമാത്മശ്ലാഘ
ചെയ്കയല്ല ഞാനെന്തു–

ലാഘവമാണന്നാത്തെ–
യന്തരിക്ഷത്തിന്നെല്ലാം!

പച്ചമേടിന്നും മഞ്ഞ–
പ്പുവിഴപ്പാടത്തിന്നും

സ്വച്ഛനീലിമയാർന്ന
മൈതാനപ്പരപ്പിന്നും,

മാദകാന്തരീക്ഷത്തെ
ശ്വസിച്ചുല്ലസിച്ചോരെൻ

പാദപാതത്താലിത്ര
നൊന്തിരിക്കയില്ലന്നാം.

സൗമ്യമാം രൂപം കാൺകെ,
രമ്യമാം നാദം കേൾക്കെ,

സമ്യഗാനന്ദം പൂണ്ടു
തുള്ളിപ്പോയിരുന്നു ഞാൻ.

പ്രാവുകളോടൊന്നിച്ചു
ചിറകു വിരുത്തിയും,

പൂവുകളോടൊന്നിച്ചു
തെന്നലിൽ നൃത്തംവെച്ചും,

ചോലയായ്ക്കൈകോർത്താടി-
പ്പാടിയുമന്നാളിഷ്ടം

പോലെയെൻ തരുണമാം
ഹൃദയം വിഹരിച്ചു!

മോഹനമാമക്കാലം
നുകരാനിനിയന്ത-

ദ്ദാഹമെത്രയ്ക്കാന്നാലും
സാധ്യമാകുമേ സഖി!

## iii

സ്നേഹഭാജനമാണ-
ന്നെല്ലാക്കും ഞാ,നീ വിശ്വ-
ഗേഹത്തിൽ,—താരങ്ങളും
പൂക്കളുമെൻമിത്രങ്ങൾ.

ഉദ്രശ്മിയായീടും നീ
വിണ്ണിൽ വ,ന്നിവിടെ നി-
ന്നൽപക്ഷ്മമാമെൻ കണ്ണു-
മഭിവാദനം ചെയ്തു.

താവകതേജോമയാ-
ത്മാവിലെ പ്രസന്നാർദ്ര-
ഭാവഭാവിതമൗന-
രാഗഗാനാലാപങ്ങൾ

ധ്യാനനിർവൃതമാക്കി-
ത്തീർക്കുമാറുണ്ടന്നെൻറെ
മാനസത്തിനെ, സ്സത്യ-
സൗന്ദര്യാധ്വനീനനു

ളുമനേരം നീ നിൻെറ-
    യാത്മാവോടൊട്ടിച്ചന്നീ
പ്പാഴ്മണ്ണിൻ വികാരമാ-
    മെന്നെയും കവിയാക്കി!

വയലിൻ വക്കിൽത്താവും
    കൊച്ചു മുക്കുററിപ്പൂവും
സ്വയമുദ്യോതിക്കുന്ന
    നക്ഷത്രമായിത്തീൻു!

കാലത്തിൻ മാറ്റത്തിങ്കൽ
    പ്പിന്നോക്കം പോകാനാർക്കും
മെല്ലല്ലോ; യാത്രക്കാർക്കു
    പോയതെന്നേയ്ക്കും പോയി!

## iv

ശാന്തസുന്ദരമായ
    നിൻലോകമല്ലാ ശോകാ-
ക്രാന്തജർജ്ജരിതമായ്
    ത്തിരിയും മമ ലോകം.

നിന്നിലും തിളങ്ങേണ്ടോ-
　　രെത്രയോ നയനങ്ങൾ,
നിഃന്നക്കാംച്ചിരിക്കേണ്ടോ-
　　രെത്രയോ വദനങ്ങൾ,

നിന്നിലും സുഖസ്വൈര-
　　ശാന്തിയെയർഹിക്കുന്ന
നിത്യഖിന്നതാഗ്രസ്ത-
　　മന്ദിതഹൃദന്തങ്ങൾ
　　[illegible]

മണ്ടിയുമുണങ്ങിയും
　　വിങ്ങിയും നോക്കെത്തുന്ന
മന്നിലങ്ങോളം കാൺകെ,
　　ഗദ്ഗദമെങ്ങും കേൾക്കെ,

എങ്ങനെ ജരാക്രാന്ത-
　　മാകില്ല ചിത്തം? നീയു-
മിങ്ങിറങ്ങിയാലൊററ
　　നാൾകൊണ്ടേ നരച്ചുപോം!

ഇങ്ങണഞ്ഞെതന്നാൽ
ദിവ്യജ്യോതിസ്സേ, നിന്നാത്മാവു-
മിങ്ങനെ, മരവിച്ച
മൺകട്ടയായിപ്പോവും!

എന്തിനാണിതിൻ നിഴൽ
പെട്ടതു നമുക്കിട-
യ്ക്കെന്തിനാണിതിൻ നഖം
കൊണ്ടതെൻ മിഴികളിൽ?

V

സ്വർഗനന്ദിനി, നിന-
ക്കജ്ഞാതമാണീ മർത്ത്യ-
വർഗദുർഗതി; യെന്നു-
മറിയാതിരിക്കട്ടെ!

കേവലം ഘനീഭൂത-
മാകിന കണ്ണീരാണീ-
ബ്ഭൂതലം, നെടുവീർപ്പാ-
ണീയന്തരീക്ഷം പോലും;

ചോരതൻ തണുത്തുറ-
ച്ചോരു കട്ടകളാണീ-

പ്പാരിലെപ്പല കരി-
മ്പാറക്കെട്ടുകൾ പോലും;

ദാരിദ്ര്യം, രോഗം, യുദ്ധം
-മർത്ത്യജീവിതത്തിൻെറ

വേരിലും തടിയിലും
പൂവിലും കയ്പിൻ ഗന്ധം.

പാരിനെപ്പുതുക്കുന്ന
കൈയുകൾ ജീർണ്ണിക്കുന്നു,

പാരിന്മേൽപ്പൂത്തും സ്വപ്നം
മായുന്നു വികൃതമായ്.

ചുടലച്ചാരത്തിലെ-
ക്കാട്ടെരിക്കിലങ്ങിങ്ങു

വിടരും പരിഷ്കാര-
സംസ്കാരം കൊഴിയുന്നു.

പിന്നെയും കുതുകുന്നു ആഹ്ലാദിക്കുവാൻ

പിന്നെയും വിളറുവാൻ,

പിന്നെയും ജീർണ്ണിക്കുവാൻ,

ശാശ്വതമൊന്നേ — ദുഃഖം!

## vi

ഹാ, സഖി! യഴലയ-

വിറക്കാനല്ലാ, തെല്ലാ-

ശ്വാസമാരായാനത്രേ

നിന്നു ഞാൻ നിൻമുൻപിൽ.

ലാളനീയയാം നിന്റെ

രശ്മിയിൽക്കുളടിച്ചക്ര-

വാളത്തിലെത്താനിന്നു-

മാത്മാവു വെമ്പീടുന്നു;

ക്രൂരമാം പരമാർത്ഥം

നാലുഭാഗത്തുംനിന്നു

ഭാരമേറീടും കൈകൾ

തോളിൽ വെച്ചമർത്തുന്നു.

എത്ര ദൂരെയായെന്നോ
നീയിപ്പോളെൻ കൌമാര-
മിത്രമേ! — നീ വിണ്ണിന്റെ
പൈതൽ, ഞാൻ മണ്ണിന്റേയും!

നിന്റേതാം പാരമ്പര്യ-
മാനന്ദപ്രകാശങ്ങ-
ളെന്റേയോ? മലീമസ-
താമസവിഷാദങ്ങൾ.

ഈടുററ തേജസ്സാരം
വമിക്കും ലോഹത്തേയു-
മീയമാക്കുമാക്കാല-
നിർദ്ദയകരം ധന്യേ,

ജീവനിൽ നവോന്മേഷ-
ചൈതന്യം പെയ്യും നിന്റെ
ലാവണ്യം മാഴ്കാതെന്നു-
മാത്രം ഞാനാശംസിപ്പൂ!

# ഇണക്കുരുവികൾ

എൻെറ നിരാഡംബരവും നിസ്വവുമായ നാട്ടിൻപുറത്തെ ജീവിതവും പ്രകൃതിയും അവയെ സ്നേഹിക്കുന്ന എൻെറ ഭാവനയിൽ പലപ്പോഴായി വീഴിച്ചിട്ടുള്ള ചില നിഴലുകളുണ്ടു്. ആ ആശയച്ഛായകളെ ചേർത്തു വികാരവും ജീവനുമുള്ള ഒരു രൂപം ഭാഷകൊണ്ടു രചിക്കാനാണു്, ഈ കവിതയിൽ ഉദ്യമിച്ചിട്ടുള്ളതു്. സാമ്പദികപദവിയിൽ താഴ്ന്നവരാണെങ്കിലും മാനുഷികാദർശമഹത്വത്തിൽ ഉയർന്നവരാണു്, വേലുവും ജാനുവും. ജീവിതത്തിലെ ഉഗ്രയാദൃച്ഛികതയായ് വിധിയോടു പൊരുതി പരാജയം സമ്മതിക്കാതെ നിൽക്കുന്ന ആ സൗമ്യധീരത്മാക്കളോടു് എനിക്കുള്ള ആദരമാണു് ഈ ഗാനം കുറിക്കാൻ പ്രേരകമായിത്തീർന്നതു്.

i

നെല്ലുകൾ നിരന്നുപോയ്
    പച്ചച്ച പാടത്തെല്ലാം;

തെല്ലുകലത്താ പ്പീലി
    നീർത്തിനിന്നാടും തെങ്ങിൽ

ലോലനെല്ലോലകളെത്തി–
    ക്കീറിനാൽ ക്കൂട്ടങ്ങാക്കും–

വേലയിൽ മുഴുകിയ
    കൊച്ചിണക്കുരുവികൾ

തങ്ങളിൽക്കൗതുകമോ-
ടോത്തുകയാവാമുള്ളിൽ

ത്തിങ്ങിടും നവ്യാരബ്ധ-
ഗാർഹസ്ഥ്യസങ്കല്പങ്ങൾ!

വാസനയാലീവണ്ണം
രണ്ടു ചിത്തത്തെ സ്നേഹ-

ശാസനാധീനം നിത്യം
പ്രകൃതി ജയിക്കുന്നു.

ii

തെന്നലാലപ്പോൾത്താനേ
തുറക്കപ്പെട്ടും കൊച്ചു-

ജന്നലിൻ ചിതൽ പാതി
തിന്ന വാതിലിലൂടെ

ജീർണ്ണമാകുമപ്പുര-
യ്ക്കുള്ളിൽനിന്നനും ദൈന്യ-

പൂർണ്ണമാം കൺപീലിത്തു-
മ്പനങ്ങും മിഴിയിണ

ആ മനോഹരസ്നിഗ്ദ്ധ
    രംഗത്തിലാത്തോല്ലസ-
മാമന്ദം പാറിപ്പറ-
    ന്നിരുന്നു കിനാവിൽപ്പോൽ.

## iii

കതിരിട്ടീടാനുള്ള
    മോഹത്താൽ തുള്ളും പാടം,
പതിയും ദയിതയും
    പാതിയാക്കിയ നീഡം,

മുമ്പിലങ്ങനെ കാൺകെ
    സ്സുഖവും വിഷാദവു-
മമ്പിലന്യോന്യം കെട്ടി-
    പ്പുണരും സ്മരണയാൽ

ചുട്ടവേനലിൽ പ്പൂങ്ങും
    കൈതപ്പൂങ്കുമ്പിൻ ഭാവം
തടവുന്നൊരക്കവിൾ-
    ത്തടത്തിൽ പ്രകാശിച്ചു,

കൂരിരുളടിയിലാ–
ന്നീടിലും തൂമേഘത്തിൽ

നേരിയൊരന്തിത്തുടു–
പ്പെന്നപോ,ലൊരുവണ്ണം.

## iv

തൻ ചിരസങ്കല്പം പോൽ
‘ജ്ജാനു’ നിർഭരസ്നേഹം

തഞ്ചിടുമൊരാണിന്റെ
നീണ്ട കൈകളിൽനിന്നും

തൂനിലവിളക്കിന്റെ
നേരെ വന്നിളം ചിരി

തൂകിടും കൺകോണോടേ
മുറിവാങ്ങിയശേഷം

നാലുനാലരക്കൊല്ലം
മുൻപിലാ വീട്ടിനുള്ളിൽ

ക്കാലുകുത്തിയ നാളി–
ലെന്തെല്ലാം മോഹിച്ചീല!

'പണമെന്തിനാണെന്നും
വേലചെയ്തീടാൻ കെല്പും
പരമസ്നേഹാർദ്രമാം
നാലു കൺകളും ചേർന്നാൽ?'

കിളയ്ക്കാൻ, നടാൻ, തേവാൻ,
കൊയ്യുവാ,നാം രണ്ടാളും
കിതയ്ക്കുന്നേരം 'വേലു'
ചോദിയ്ക്കാറുണ്ടീച്ചോദ്യം.

V

വേലുവിൻ പറമ്പിലെ
വേലകൾക്കെല്ലും മട്ടും
ചേലുമേതയൽക്കാർക്കു-
മൊന്നു വേറെയായ്ത്തോന്നും.

ജാനുവിൻ കയ്യാൽത്തേയ്ക്കു-
മോട്ടുതാമ്പാളം മിന്നു-
മാ നുണക്കുഴിയെഴും
സ്മേരമാം കവിൾപോലെ.

'വീട്ടടൻ പുത്തുക്കണ്ണ'-
    'മിഷ്ടികച്ചുമർപോരു'
'മോട്ട വാങ്ങുവാൻ കുറി
    കൂടണം, പിന്നീടാവാം'

ഈവിധം പരസ്പര-
    ബന്ധത്തിലെ മോഹ-
മീറിലയ്ക്കിടയ്ക്കെല്ലാം-
പൊടിപ്പ് രങ്കുരംപോലെ പൊങ്ങും,

രാവിലെ ജോലിക്കൊ-
    രുന്മേഷമുപാർജ്ജിക്കാൻ
രാവിലക്കപ്പോലങ്ങഴും
    ചെന്നു വിശ്രമിക്കുമ്പോഴും,

ആ മനോഹരാരംഭ-
    കാലത്തെ മുൻപിൽക്കാൺകെ
കോൾമയിരാർന്നു ഞാനു
    ശോഷിച്ച കവിൾക്കുളമ്പിൽ.

ഒരു നിശ്വാസത്തോടേ
    നോക്കിനാളാ മൂലയ്ക്കൽ
നിരങ്ങിയുടഞ്ഞെഴും
    പച്ചയിഷ്ടികകളെ!

തങ്ങ'ടെ മനോരാജ്യം
    തകർന്നുകിടക്കയോ–
ണങ്ങനെ; യവളറിയാ–
    തുടൻ വിതുമ്പിപ്പോയ്.

ചൂളയ്ക്കുവെയ്ക്കാൻ വാർത്തു
    വെച്ചതാണവ; പക്ഷേ,
ചൂളയായ് മാറിപ്പോയീ
    ജീവിതമപ്പോഴേയ്ക്കും!

## VI

മധുരക്കിഴങ്ങിന്നു
    വാരങ്ങൾ മാടിക്കൊണ്ടു–
മതുലോന്മേഷത്തോടേ
    ഗാനങ്ങൾ മൂളിക്കൊണ്ടും

തുമ്പയിൽക്കയ്യും വെച്ചു
വേല നില്ക്കുമ്പോളാണു
താൻ പതുക്കനെ ച്ചെന്ന-
തഗ്ഗൂഢഹർഷം ചൊൽവാൻ.

'നാളു തെററി'യെന്നോതും
ജാനുവിൻ ലജ്ജാമൌഗ്ദ്ധ്യ-
മാളുമക്കണ്ണാ വേല-
ക്കാരനാം കുളിരേകി.

അങ്ങയൽക്കാരെങ്ങാനും
കണ്ടാലോ, കൺകൊണ്ടല്ലാ-
തെങ്ങനെ പുല്കീടാനാ-
ണാവെളിപ്പറമ്പിങ്കൽ!

താനുഴം കളിപിടി-
ച്ചീടുവാൻ കൈയുണ്ടായി,
താനുപദേശിക്കുമ്പോൾ
കേൾക്കുവാൻ കാതുണ്ടായി,

വേല്യവിന്നഭിമാന-
ജൃംഭിതസ്നിഗ്ദ്ധാത്മാവി-
ലോല്യമാ നവാഹ്ലാദ-
കന്ദളം കണ്ണിൽക്കാണാം.

'അമ്മു'വിൻ കുഞ്ഞിക്കാലി-
ലിക്കിളികൂട്ടിക്കൊഞ്ചി-
ച്ചമ്മുഖം ചുംബിക്കയാ-
യമ്മയും സങ്കല്പത്താൽ.

## vii

ജീവിതത്തിന്റേതായ
നാഴികവട്ടയ്ക്കുള്ളി-
ലീവിധം കാലം സ്വൈര-
മൂർന്നുകൊണ്ടിരിയ്ക്കുമ്പോഴും,

മധുരക്കിഴങ്ങിന്റെ
വള്ളികൾ പറമ്പിന്നും
മധുരക്കിനാവിന്റെ
പടർപ്പാക്കടിലിന്നും

പുളകം മുളപ്പിച്ചു
സൗഭാഗ്യ ദളങ്ങളെ
പ്പുതുതായ് നിവർത്തിക്കൊ-
ണ്ടങ്ങനെ കൊടി വീശി.

പൊതുമ്പിൽക്കതിർ തൂന്ന
നെല്ലിനെത്തൻപാടത്തും
പുതുഗർഭശ്രീയാർന്ന
കാന്തയെത്തൻ മുററത്തും

ഹർഷതുന്ദിലസ്നിഗ്ദ്ധ
നേത്രത്താൽത്തഴുകുമ-
കർഷകന്നന്നാരം വേല
യുത്സവമായിത്തോന്നി!

## viii

ചെമ്പഴംകൊണ്ടു പാട-
മക്കൊല്ലം; കന്നിക്കൊയ്ത്തിൽ
ചങ്ങാതിമാരോടൊപ്പം
കളിവാക്കോതിച്ചേരാൻ.

താനുള്ളാൽക്കൊതിച്ചാലും
ലഭിച്ചീലനുവാദം

ജാനുവിന്നവളുടെ
ജീവനാഥനിൽ നിന്നും

ഈററുനോവറി,ഞ്ഞവ
ളമ്മയാ;യെന്നാലാററു-

നോററുളവായോരോമ-
ലഞ്ചുനാറം കിടന്നീല!

തളർവാതത്താലമ്മ
പെററെഴുന്നേല്ക്കും മുൻപു

വിളറിയരശ്ശു കീഴ്
ചത്തപോൽ ക്കിടപ്പുമായ്!

ദുർവ്വിധി പൊറുത്തീല
വേലക്കാർ സങ്കല്പത്താ-

ലുർവ്വിയിൽ സ്വയം തീർത്താ-
രഭ്യസൂയമാം സ്വർഗം.

## ix

കുരുവിക്കൂട്ടിൻ നേരെ
പിന്നെയും നോക്കീ ജാനു-
വൂർക്കും ഏദന്തത്തിൻ
തെളി കണ്ണിലൂറമ്പോഴം.

'ഞാനുയിരോടുണ്ടെങ്കി-
ലൊന്നു നിശ്ചയ,മെൻറ
ജാനുചിത്തോളിൽത്തൻറ
കൊച്ചരിവാളും പേറി

ഈ വരും കന്നിക്കൊയ്ത്തിൽ
ച്ചങ്ങാതിമാരൊന്നിച്ച
പോവതെൻ കണ്ണാൽക്കാണും-'
ശപഥം ചെയ്തു വേലു.

നേർത്തു നേർത്തക്കാൽ രണ്ടും
ശോഷിച്ചു പിന്നെപ്പിന്നെ,
നേർത്തില്ലവൻറയ-
ധൈര്യവുമുത്സാഹവും.

കാട്ടിലെക്കുറന്തോട്ടി-
ക്കടയൊക്കെയും തീർന്നു
വീട്ടിലെ ക്കഴക്കോലേ
കത്തിക്കാതിനിയുള്ള.

താനിരുന്നീടും കുടി-
പ്പുറമ്പും സചയം തിരു-
മേനി തന്നിഷ്ടംപോലെ
കൈമാററം കൊടുത്തുപോയ്;

വേലുവിൻ സ്നേഹോദാര-
ധീര നിശ്ചയമന്നു-
മേലുകയുണ്ടായില്ലാ
തളർ വാതമെന്നാലും.

X

ചൊല്ലിനാളൊരന്തിയ്ക്കാ
ക്കട്ടിലിൻവക്കിൽ പ്രാണ-
വല്ലഭനിരിക്കവേ
കണ്ണുനീരടരാതെ;

"പാഴിലാണീ വൈദ്യന്മാ-
രെ, ന്നലച്ചിലാണൊററ
നാഴിക തികച്ചെന്നും
വിശ്രമിയ്ക്കില്ലെന്നാലോ!

തെക്കു തെക്കെല്ലാരേയു-
മെന്തിനും ചികിത്സിക്കാൻ
തക്കൊരു മഹാവൈദ്യ-
നു,ണ്ടാരും വിളിക്കാതെ

കാലമാകുമ്പോൾ വരും;
വൈദ്യനും മരുന്നിനും
വേലതൻ വേപ്പാമൊററ-
ക്കാശിനിക്കളയൊല്ലേ!

ഭാരമായ് ഞാനില്ലെങ്കിൽ
നീന്തിയെത്തീടാം വല്ല
തീരത്തും; രണ്ടാൾക്കായി
ത്തുഴഞ്ഞാൽ കുഴഞ്ഞുപോം"

“എന്തറിഞ്ഞു നീ!” കണ്ണീ-
    രിറ്റുവീഴവേ രോഗ-

ക്ലാന്തമാമക്കൈ പിടി-
    ച്ചമർത്തിച്ചൊല്ലീ വേലു:

‘മുങ്ങിമാഞ്ഞതന്നേ പൊങ്ങു-
    തടിയായിക്കണ്ണീരിൽ

തങ്ങിനില്ക്കുവാനില്ലാ-
    യിരുന്നു നീയെന്നാൽ ഞാൻ’

## xi

ചകിരിത്തുമ്പിന്നൊത്ത
    ചാറലിൻ ചെട ചിക്കി

വകയുന്നതിന്നിട-
    യ്ക്കൊട്ടിയമുഖം നോക്കി

മുകരും ഭർത്താവേകും
    മധുരശ്വാസംമുട്ടൽ

മുഴുവൻമാറും മുൽപീ-
    യാർദ്രമീലിതനേത്രം

[illegible] SMARAK KIDARAKUZHI GRANDHASALA

വിടരുന്നതിൻ മുൻപു,–
ജീവിതസ്പന്ദം മന്ദ–
മടങ്ങി ത്തന്നാത്മാവു
മൃത്യുവിലലിഞ്ഞെങ്കിൽ!

–ഇല്ലതിൽപരം ഭാഗ്യ:–
മില്ലതല്ലാതെ മോഹം
ചൊല്ലി നാളവളേവ–
മെതിർത്തു പക്ഷെ നാഥൻ:

"ദ്രോഹിയാം ദൈവത്തിൻ
കണ്ണിലിങ്ങനെ നമ്മൾ
മോഹിച്ചാൽ പരാജയം
സമ്മതിക്കുകയാവും.

കൈകടിച്ചോട്ടം ദൈവം
കാണട്ടേ, നാം രണ്ടാളും
കൈകൾ കോർത്തെന്നും നീന്തും,
താണാലും തളർന്നാലും."

## xii

അന്തിയിലൊരു തിരി
　　കൊളുത്താൻപോലും കൊള്ളാ–

തെന്തിനു കിടക്കുന്നു
　　താനേവ, മിങ്ങെന്നാലും?

തിളവെള്ളത്തിനുള്ളി-
　　ലിട്ട കക്കപോൽ നീറി,

കിളരും കണ്ണീരിങ്ക–
　　ലാണ്ടു ജാനുവിൻ ജീവൻ.

ചിറകാന്നൊര, കൊച്ചു
　　ദമ്പതിമാരപ്പോഴും

തിറമോടോലത്തുമ്പ–
　　ത്താത്തൊരുക്കുന്നു നീഡം.

# പ്രഭാതദീപം

സ്നേഹത്തിൽനിന്നു മുളന്നൂ—ഞാനെൻ
മോഹനമാമാത്മനാളം,

കൂരിരുളോടെന്നുമെന്നും—പോരിൽ
നേരിടും പൊൽക്കരവാളം.

കാണുന്നു ദൂരെ ഞാൻ കൈവല്യ—ദീപ്തി
പൂണും പ്രത്യുഷചക്രവാളം.

# കളിത്തോഴി

സാമുദായികമായ പൊതുവുടമയുള്ള സങ്കല്പമല്ല, ഈ കവിതയുടെ ഉള്ളടക്കം. എന്റെ സ്വകാര്യസ്വത്തായ ഒരു ദുഃഖാർദ്രസ്മരണ മററുള്ളവരുമായി പങ്കിട്ടനുഭവിക്കാൻ ആഗ്രഹിക്കയാണു്, ഇതിൽക്കൂടി ഞാൻ. അതിഭാവുകത്വമോ (Sentimentalism) ദുർബ്ബലകാല്പനികത്വമോ ഈ ഗാനത്തിൽ ആരോപിക്കപ്പെട്ടേക്കാം. എങ്കിലും ഈ ശോകം സത്യമാണു്.

ആഹ്ലാദസാമ്രാജ്യം എന്നേക്കുമായി നഷ്ടപ്പെട്ടു് ദുഃഖപാതാളത്തിലാണ്ട ഒരു മനുഷ്യാത്മാവു് ഒരു ദിവസമെങ്കിലും അതിലേയ്ക്കു് എത്തിച്ചുനോക്കാനനുവാദമില്ലാത്ത തന്റെ നില മഹാബലിയുടേതിനേക്കാൾ ദയനീയമാണെന്നു വിലപിക്കുന്നു. എങ്കിലും അന്യന്മാരുടെ ഓണത്തിൽ അസൂയാലുവല്ല.

1

എന്തിനെൻ വൃദ്ധയുടെ
കഥ ഞാൻ പരത്തുന്ന–

തെന്തിനിച്ചിരികളിൽ
കണ്ണുനീർ കലർത്തുന്നു?

ഓണമേ, സ്വർഗീയമാ–
മുല്ലാസമെൻ കൗമാര–

പ്രാങ്ഗനനിൽ കൊളുത്തിയ
നീയണഞ്ഞീടും നേരം,

മലയും, മേടും, കാടും,
നാടുമുജ്ജ്വലശോക–

മധുരസ്മരണതൻ
സൗരഭം പൂശും നേരം,

ചോലയു്, മാരം, തോട്ടം,
കായലുമതിൻ ലോല-

ലോലചോദനങ്ങളാ-
ലുച്ചലച്ചീടും നേരം,

സ്വകീയമാമൊരാനന്ദ-
സാമ്രാജ്യമെന്നോ നഷ്ട-

മായ ഞാൻ മാത്രം വാഴ്വൂ
ഖേദത്തിൻ പാതാളത്തിൽ.

ഒരു നാൾ പോലും വീണ്ടും
പൊയ്പ്പോയ ഭാഗ്യത്തിൻ നാ-

ട്ടരികിൽ ക്കാൽകുത്താനാ-
ല്ലെത്തിച്ചുനോക്കാനാമോ!

ഓലകൾ മുരമ്പിക്കും-
കാട്ടുകൈതയിൽ വാതോ-

ല്ലോലമാം നറുമണ-
മാർന്ന പൊൽക്കുളമ്പെന്നോണം

ആശകൾ തുരുമ്പിക്കു-
മെന്നിലിന്നധീരമാം
പേശലസ്നേഹാകുല-
സ്വപ്നം ഹാ! വിടരുന്നു.

ii

വാനിൽനിന്നിളം വെൺപ-
ട്ടൊത്തുക്കിത്തിരുവോണ-
പൂനിലാവെൻ ഗ്രാമത്തിൻ
കുന്നിൽ വന്നാത്താഹ്ലാദം

താഴ്‌വരയിങ്കൽക്കൂടി,
മൈതാനത്തിങ്കൽക്കൂടി,
നെൽവയലിങ്കൽക്കൂടി
നീരവം നീങ്ങിടുമ്പോൾ,

നേർമ്മയിൽ കണ്ണീർക്കണം
നിറയും സ്നിഗ്ദ്ധാർദ്രമാ-
മോർമ്മതന്നധിത്യക-
യിങ്കലൂടവേ മന്ദം,

ആയതനിഴലുകൾ
പോലെ തൂമാറിൽ ക്കരി-

ഞ്ഞായൽ വീണുലഞ്ഞീട്ട-
മെൻബാല്യപ്രിയതോഴീ

അന്തരംഗത്തിൻ ചക്ര-
വാളത്തെ വിളർപ്പിച്ചെൻ

ചിന്തതന്നേകാന്തമാം
തലത്തിൽ ചലിക്കുന്നു.

ഓണമേ, നിനക്കന്നു
കമ്പയുണ്ടെങ്കിൽ ക്ഷീണ-

ക്ഷീണമാമൊരാത്മാവിൻ
മൂകവേദന കാൺകെ,

മാപ്പു നല്ലുക തവാ-
ഹ്ലാദത്തിൽനിന്നും നീങ്ങി-

ക്കുപ്പുകയ്യോടെ നില്ലു-
മെനിക്കെന്നെത്ഥിപ്പു ഞാൻ.

കാലയന്ത്രത്തിന്നുഴി–
ഞ്ഞാലിലാടീടും ക്രീഡാ–
ശീലമാം നീ മർത്ത്യന്റെ
ജീവിതപ്രവാഹത്തെ,

കേവലമൊരുത്സവോ–
ല്ലാസമായ് കണ്ടും കൊണ്ട
പോവതും വരുവതും
തന്നെയാണെനിയ്ക്കിഷ്ടം.

iii

എന്തിനെൻ വ്യഥയുടെ
കഥ ഞാൻ പറഞ്ഞുന്ന–
തെന്തിനിച്ചിരിയിലെൻ–
കണ്ണുനീർ പുരളുന്നു?

പൂവുകളരക്കമ്പോടും
പുളകം കൊള്ളുംകാലം
പൂക്കളെത്തിനു ചുററു–
മാത്തു തുള്ളീടും കാലം

ഞാനമാസ്വദിച്ചിട്ടു-
ണ്ടന്നു രണ്ടിലുംപുള്ളി-

മാനകറംപോലേ ഞങ്ങ-
ളുരുമ്മിയോടും കാലം!

മങ്ങലും തെളിച്ചവും
മാറി മാറിയെന്തീടും

ചിങ്ങമാസത്തെപ്പോലാ-
കൊച്ചുല്ലാസക്കാരി

അരികെക്കളിക്കുമ്പോ-
ളിരുളും നിലാവുമ-

ന്നൊരു പോലീ ലോകത്തിൽ
കൌതുകാവഹമായി.

ചെമ്മേറും രോമം മുറി-
ച്ചെടുക്കാൻ വൈകിപ്പോയ

ചെമ്മരിയാടിൻപററം
നിരയായ് നീങ്ങുംപോലെ

എമ്പാടുമോണക്കാററിൽ
ചാഞ്ഞ ചെങ്കതിരാടും

ചെമ്പാവുപാടത്തിന്റെ
ചേണമ്പുമിറമ്പുകൾ,

വ്യോമത്തിൻ മാറിൽക്കൂടി-
യൂന്നു വീണിടും വെള്ള-

ത്താമരമാലയ്ക്കൊപ്പം
ത്തുവെള്ളിൽ പ്പറവകൾ

അന്തിയിൽ മീതേ കൂടി-
പ്പറക്കുന്നതിൻ നിഴൽ

നീന്തിടും മരതക-
മൈതാനപ്പരപ്പുകൾ,

കുന്നിൽ നിന്നോണപ്പാട്ടു
മൂളിവന്നിടയന്മാർ

കുന്നിനെക്കുളിപ്പിക്കും
ചോലകൾതൻ വക്കുകൾ,

പുതുപൂക്കളാൽ കുഞ്ഞി-
ത്തൊട്ടിയും നവാത്ഭുത-
പുരുകൗതുകങ്ങളാൽ
നിഷ്കളങ്കമാം ഹൃത്തും

എന്നുമേ നിറച്ചീടു-
മാറുണ്ടാക്കാലത്തെല്ലാ-
മിന്നൊരു മധുരമാം
സ്വപ്നമായ്ക്കഴിഞ്ഞാലും.

## iv

ഞങ്ങളാപ്പൂത്തൊട്ടിക-
ളൊരുവാരിയിൽത്തൂക്കും,
ഞങ്ങളശ്ശീലക്കുട-
യൊരുമൂലയിൽ വയ്ക്കും,

ആയവയകന്നിരി-
ക്കുന്നതുപോലും സഹ്യ-
മായിരുന്നില്ലാ, ഞങ്ങ-
ളത്രമേലൊന്നായിപ്പോയ്!

അഴകാൎന്നീടും രത്ന-
ഗോപുരംപോലേ വാഴ്കും

മഴവില്ലിങ്കൽക്കൂടി-
നൂഴവാൻ പായും പ്രായം,

പുതുപൂ പറിച്ചിട്ട-
ത്തന്യോന്യം സമ്മാനിക്കേ-

യതുലമകാരണ-
ഹൎഷമാൎന്നീടും പ്രായം

ആ മനോഹരമായ
കൗമാരം നഷ്ടപ്രായ-

മാകവേ യുവത്വത്തിൻ
സങ്കല്പവൈചിത്ര്യങ്ങൾ

വെമ്പിയാർചിക്കയാ-
യന്തരംഗത്തിൻ കണ്ണിൻ

മുൻപിൽ മറെറാരു മാരി-
വില്ലു മാദകമായി.

ർഗ്ഗമാണെന്നാലു-
    മായതിൽ കണ്ടു നവ്യ-

സ്വർഗ്ഗഗോപുരം ഞങ്ങ-
    ള,തിലേയ്ക്കോടീ ഞങ്ങൾ.

തോഴിയപ്പുറത്തേയ്ക്കു
    കടന്നു മറഞ്ഞുപോ-

യ്യൂഴിയുമിരുണ്ടുപോ-
    യിപ്പുറത്തായിപ്പോയ് ഞാൻ

ഹാ, വിധിയോണക്കളി-
    പ്പന്താക്കിയോരെൻ തുച്ഛ-

ജീവിതം മണ്ണിൽക്കിട-
    ന്നിങ്ങനെയുരുളുമ്പോൾ

വാർമഴവില്ലിന്നെല്ലാ-
    മപ്പുറം വിറയ്ക്കുമാ-

ക്കോമളതാരം തൂകാം
    തൂവെളിച്ചത്തിൻ കണ്ണീർ!

കേവലം നരച്ചോരു
ലോകമായിപ്പോയെൻറ

ജീവനുചുററും— തിരു-
വോണമേ, തിമിർത്താലും!

എന്തിനെൻ വൃദ്ധയുടെ
കഥ ഞാൻ പരത്തുന്ന-

തെന്തിനീച്ചിരിയിലെൻ
കണ്ണുനീരൊലിക്കുന്നു?

# മുകരുമ്പോൾ

താരുണ്യത്തിൻ സുരഭിലസുഭഗത
താവിന കവിളുകൾ മണ്ണടിയും,

പരിമളമിയലും പല പല പാടല-
പനിനീർമലരുകളതിൽ വിരിയും,

കോമളമാമവ മുകരുവൊരളവിൽ
കോൾമയിരുയരും മമ തനുവിൽ!

ചുംബിതമാം ചിലകവിളിന്നോർമ്മകൾ
കമ്പിതമാക്കും ചുണ്ടൊടുവിൽ!

# ജീവിതയാത്ര

പ്രസിദ്ധ റഷ്യൻ കവിയായ 'പുഷ്കി'ന്റെ Life's Stage Coach എന്ന കവിതയുടെ ആശയമുപജീവിച്ചെഴുതിയതു്.

i

പലതും കുത്തിനിറച്ചൊരു
നിലയിൽ തോന്നാം ചിലപ്പൊഴെ,ന്നാലും
ജീവിതശകടത്തിന്നുരുൾ
ഭുവിലനായാസമായ് ചരിക്കുന്നു.

പായുമതിൻ കുതിരകളോ
വായുവിനേക്കാൾ ജവാൽ കുതിക്കുന്നു;
കാലത്തിൻ പഴകിയ കൈ—
യാലസ്യാപേതമത്തു തെളിക്കുന്നു,

ii

പുലരിയിലിതിലേറിയ നാ–
മലസത കലരും സുഖങ്ങളെത്തീരെ
വിലവെച്ചിടാതെ മുൻപോ–
ട്ടലമുന്മേഷത്തോടേ ഗമിക്കുന്നു;

സരഭസമുഷ്ണമുള്ളരക്തം
സിരകളിലോടുന്ന നമ്മളോർക്കുന്നു:–
“പോരാ വേഗം, പോരാ,
പോവട്ടേ കുതിര, വേഗമാവട്ടെ!”

iii

മദ്ധ്യാഹ്നമാകെ നമ്മുടെ
മട്ടുകളും മാറും; തണുത്തു പതമാവും;
വണ്ടിച്ചക്രത്തിന്നുടെ
വക്ക നടുങ്ങുമ്പോളൊക്കെ നാം ഞെട്ടും;

ചെങ്കുത്തും ചെരിവുകളും
ചേരും മാർഗ്ഗത്തിൽ നമ്മളും പേടിക്കും,
പറയും കാലത്തൊടു നാം: —
“പതുക്കെയാവട്ടെ, യെന്തൊരു കുടുക്കം!”

## iv

ആരതു വകവെയ്ക്കുന്നു,
ക്രൂരം തിരിയുന്നു പിന്നെയും ചക്രം;
എല്ലു ഞെരിഞ്ഞങ്ങനെ നാം
തെല്ലു സഹിക്കുന്നു സന്ധ്യയാവോളം;

നിദ്രയിൽ മുങ്ങിയപോലെ
നീങ്ങുന്നു വിശ്രമസ്ഥലം പൂകാൻ
തൻെറ കടിഞ്ഞാണു വിടാ-
തവിടെയിരിക്കുന്നു കാലമപ്പോഴും!

[illegible]

# പരാഗം

സുരുചിരവൎണ്ണ സുഷമകളില്ലാ,
പരുഷമാകുന്നു പലപ്പൊഴും സ്വരം,

ദളിതമാം ഹൃത്തിന്നടിയിലെന്നാലും
തെളിയും മാധുര്യമസൃണമാം ഭാവം

മൂകന്നു തന്നത്താൻ മറന്നു മത്തമായ്
മുരണ്ടുതെണ്ടുമെൻ ചിറകെഴും ഗാനം

പതിക്കുമ്പോളിതിൻ പദന്യാസക്ഷണ-
പരിചയഭാരം സഹിക്കുവാൻമാത്രം

മടി കാണിയ്ക്കാത്തോരുദാരസൗഹൃദ-
സ്ഫുടിതസൗഭഗമനുഷ്യാത്മാക്കളേ,

തരാനിതിന്നില്ലാ സഹാനുഭൂതിതൻ
പരാഗമല്ലാതെ, പുളകമല്ലാതെ.

ഉലകമെന്നാലും പുതുക്കീടും മഹാ-
ജ്വലവസന്തത്തിൻ രഹസ്യമീ രേണു!

# വെള്ളിത്തിരയിൽ

പ്രേമബദ്ധമായ ഹൃദയമുള്ള രണ്ടാത്മക്കളുടെ
ദർശനം എന്റെ നയനങ്ങൾക്കു് ഉത്സവമാണു്. പു
ളകംകൊണ്ട തൃണപരിസരം, പൂമച്ചൊരുക്കുന്ന കാര
മരം, അതിന്റെ പത്രശ്യാമളമായ ശാഖാഗ്രത്തിൽ
സായാഹ്നത്തിൽ വന്നുകൂടാറുള്ള ആ ചിറകുള്ള ദ
മ്പതികൾ,— രണ്ടു പക്ഷത്തോളം നീണ്ടുനിന്ന
ആ ഗാർഹിക സ്വൈരജീവിതത്തിന്റെ ഛായ
മറക്കാൻ കഴിയാത്ത ഒരു് സ്മരണയാണു്. മനു
ഷ്യകഥയല്ലാ ഇതെങ്കിലും ഇതുതന്നെയാണു് മനു
ഷ്യകഥയും.

മാമകസ്മരണേ! നിൻ-
തൂവെള്ളിത്തിരനിത്ത്-

കാ മനോഹര ചിത്രം
ചിലർക്കു രസിച്ചേക്കാം.

കുളിരും തൂമഞ്ഞും പോയ്,
നവ്യജീവിതസ്വപ്നം

തളിർക്കും കാടും മേട-
മേലുന്ന മേടപ്പാതി;

പാരിനോടായി, സ്വർഗ്ഗം
തുറന്നിട്ടു വെന്നോററം

ഹാരിയാം സ്വരത്തിങ്ക-
ലുത്തരായണപക്ഷി

ഉച്ചത്തിലേതോ ദിവ്യ-
ദ്ദൂതനെപ്പോലന്തിക്കു-

മുച്ചയ്ക്കും പുലർച്ചയ്ക്കും
ഘോഷിക്കുമാ വൈശാഖം.

ഇങ്ങയൽ പ്പുറമ്പിലാ-
'ക്കാര' നിൽക്കുന്നു മുത്ത-

തൊങ്ങൽ തൂങ്ങീടും പച്ച-
ക്കുടപോൽ പൂത്തും വാച്ചും.

അന്തിയിൽ സ്വച്ഛാകാശ-
നീലിമയിങ്കൽ സൈ്വരം

നീന്തിയെൻ കണ്ണാ മര-
ക്കൊമ്പിന്മേലന്നും ചെന്നു,

ചിറകാന്നൊരദ്ദിവ്യ–
ദമ്പതിമാൎക്കാഹ്ലാദം

നിറയും സുദുർല്ലഭ–
സായാഹ്നമാശംസിപ്പാൻ.

പതിവാണൊരാഴ്ച്ചയിൽ
കൂട്ടതലായാ ജ്ജായാ–

പതിമാരൊരുമിച്ചു–
കൂട്ടമാ മരക്കൊമ്പിൽ.

ചില്ലമേ,ലന്നത്തെത്ത–
ന്നാകാശനായാട്ടും തീർ–

ന്നുല്ലസിക്കവാനുള്ള
നിശ്ചിതസന്ദർഭത്തിൽ

കണ്ഠത്തിൽത്തൻതുവെള്ള–
ത്തൂവാല ചുററിജ്ജാതോ–

ത്ക്കണ്ഠമാം നയനത്താൽ
നാലുദിക്കിലും നോക്കി

JAVAHAR SMARAKA
KIDARAKUZHI
GRANDHASALA

അക്ഷമമിരിക്കയാ-
ണക്‌കൃഷ്ണപ്പരുന്തതാ;-

വൃക്ഷപംക്‌തിയിലൂടെ-
യ്യൂളിയിട്ടപ്പോഴേയ്ക്കും

പച്ചിലമരതക-
മച്ചകസൗഭാഗ്യം പോ-

ലൊച്ചയുമനക്കവു-
മുണ്ടാക്കാതെത്തീ പേട.

മൂലയിലൊരു കരിം-
മുരുക്കിലിരിക്കുമാ

മൂങ്ങ മൂളിയാൽ മൂളി-
ക്കൊള്ളട്ടെ പുച്‌ഛക്കാരി!

താനിരുന്നീടും കൊമ്പ-
ത്തൊതുങ്ങിയിടം നൽകി-

മാനിയാംവരൻ, കണ്ണാൽ
ക്ഷണിച്ചൂ വീണ്ടും വീണ്ടും;

അരികത്തേലും മറേറ
ച്ചില്ലമേലവൾ പത്രം

ചുരുക്കിയിരിക്കയായ്
–എന്തസഹ്യമാത്സര്യം!

നീലമാമപാരത–
തന്നഗാധതയെന്നും

ലീലയിലളക്ഷമാ
ച്ചിറകാർന്നൊരാത്മാക്കൾ

അതിലും പരന്നാഴ–
മാർന്നൊരാകാശം കണ്ടു

പുതുതായവരുടെ
കൺകളിൽ വിഹരിപ്പാൻ!

കാരതൻ മലരുകൾ
കായ്കളായ്ത്തീരും മുൻപു

സാരസൗഭാഗമാർന്നൊ–
രാബ്ബന്ധമടന്നുപോയ്!

അലസങ്ങളാം കൺകൾ-
ക്കല്പമുന്മേഷം നൽകാൻ

മലർത്തിങ്ങുമാക്കൊമ്പിൽ
മറെറാരന്തിയിൽ നോക്കി.

കാന്തനെക്കാത്തുംകൊണ്ടു
മൂകവേദന തിന്നു

താൻ തനിച്ചിരിക്കയാം
പേടയാമരത്തിന്മേൽ

മറെറാരു വിശ്വാമിത്ര
നായിരുന്നെന്നോ രാഗം

മുററിയ മിഴിയോടെ
നമ്മൾ കണ്ടൊരാപ്പക്ഷി?

# മൂങ്ങ മൂളുന്നു കൊട്ടാരത്തിൽ!

'Inscriptions at the City of Brass' എന്ന പേരിൽ ഇംഗ്ലീഷിലേയ്ക്കു വിവൎത്തനം ചെയ്തിട്ടുള്ള ഒരു അറേബ്യൻകവിതയെ ഉപജീവിച്ചാണു് ഇതെഴുതിയിട്ടുള്ളതു്. പാരിടമടക്കിയും ജനതയെ നടുക്കിയും ജീവിച്ചിരുന്ന ഒരു ചക്രവൎത്തി ചത്തു മണ്ണടിഞ്ഞപ്പോൾ അയാളുടെ കണ്ണുകൾ തുറന്നു. അയാൾ ജീവിതപഥികന്മാൎക്കു നൽകുന്ന ഈ സന്ദേശം ആരെയും ഞെട്ടിക്കും; ശക്തിയെ ആരാധിച്ചു്, ധൎമ്മത്തെ വിഗണിച്ചു, സമരം സൃഷ്ടിക്കുന്നവരേയും വീരവാദം മുഴക്കുന്നവരേയും ഞെട്ടിക്കേണ്ടതാണു്.

വരുവിൻ, പഠിക്കുവിൻ
രാജാധിരാജന്മാർ തൻ

ചരിതം—മദീയമാ—
മീ മണിപ്രാസാദത്തിൽ

തെല്ലിട വിനോദിച്ച
വീരന്മാർ മാഞ്ഞു പെട്ടെ-

ന്നല്ലീലാ പ്പകലിലെ
നിഴലിൻ നിരപോലെ!

മൃത്യുനിശ്വാസം കൊട്ട
    കാററപോലേററപ്പോളം–

ക്ഷിത്യധീശന്മാരെല്ലാ–
    മുണക്കപ്പുല്ലായിപ്പോയ്!

ii

മാദകതാരുണ്യത്തിൻ
    മധുരോന്മാദം ജ്വരം

മാതിരിമായും മുൻപി–
    ലെന്തെന്നു ഞാൻ കണ്ടീല!

•

അന്നു ഞാനൈശ്വര്യത്തി–
    ന്നത്തുംഗശൃംഗാഗ്രത്തിൽ–

നിന്നു മൽ പ്രതാപവും
    പ്രൗഢിയും കാണും കാലം

—പാരിലെ നഗരങ്ങ
    ളെൻ പടക്കുതിരതൻ

പാദത്തിൻ ചടചടാ–
    രവത്താൽ ഞെട്ടും കാലം!

—ചുട്ടകാററപോൽ, മഹാ
നഗരങ്ങളെക്കൊള്ള-

യടിച്ചു മുടിച്ചു ഞാൻ
നാടടക്കീടും കാലം!!

എത്രനാട്ട ഞാനിടി-
ത്തീയ്യപോലെരിച്ചീല-

ന്നെത്ര സുൽത്താനെ ത്തേരിൽ
ക്കെട്ടിഞ്ഞാനിഴച്ചീല?

ആരുമെൻ നിയമത്തെ
യന്നെതിർത്തവരില്ല-

ന്നാരുമെൻ നിദേശത്തെ
ധിക്കരിച്ചവരില്ല.

എന്നാലും ജരം പോലാ
യൗവനോന്മാദം വേഗ-

മെന്നെ വിട്ടുപോയ്, മണൽ
ക്കരമേൽ നുരപോലെ.

കാലത്തിൻ കയർവല
　　കഴത്തിൽ വീഴ്കേ, ജൈജത്ര-

കാഹളം വിളിച്ച വൻ-
　　പടയാലെന്താവുന്നു!

സ്തുതികോവിദന്മാരാം
　　ക്ഷുദ്രസേവകന്മാരാ

മൃതിയെ പ്രീണിപ്പിക്കും-
　　വാക്കറിഞ്ഞവരാണോ?

സഞ്ചാരിൻ, ഞാനെൻ ജീവൽ-
　　ക്കാലത്തു നല്കീടാത്ത

സന്ദേശം, മൃത്യുഗ്രസ്ത-
　　വചനം, ശ്രദ്ധിച്ചാലും.

എങ്ങു നാളെ നീ?-ഭുവിൻ
　　വദനത്തിൽ നിന്നേവം

പൊങ്ങുമുത്തരം:- "അവ
　　നെൻെറയാസ്ഥ്യഴിഞ്ഞല്ലോ;

രൂഢശങ്കമാമെൻറ
    വക്ഷസ്സാ പ്പുരുഷനെ-
ഗാഢമാമാശ്ലേഷത്തിൽ
    നിന്നിനി വിടില്ലെന്നും!”

## iii

മേശയൊന്നതാ, നോക്കു!
    ഗൃദ്ധ്രദൃഷ്ടികളായ
മേദിനീശരു,മേക-
    ദൃഷ്ടികൾ സുൽത്താന്മാരും

നാലുഭാഗത്തുംകൂടി-
    യൊരിക്കൽ കുടിച്ചാർത്ത-
പോലുമിങ്ങെ,നാലെങ്ങാ
    ണിപ്പോഴാ നിഴലുകൾ?

പാരിടം വിറപ്പിച്ച
    കൈയുകൾ മരവിച്ചു!
പോരിൻെറ ഘററം കണ്ട
    കണ്ണുകളിരുൾ തിന്നു;

ആവകക്കാരെല്ലാരും
    നിഭൃതാന്ധകാരമാം

ഛാവറസ്സകംപററി
    സൈ്വരമിന്നുറങ്ങുന്നു!

## iv

നിത്യനുമചലനും
    സർവ്വശക്തനുമായ

സത്യരൂപൻ തൻപേരിൽ,
    പാന്ഥ, ഞാനർത്ഥിക്കുന്നു:

നീ പതിപ്പിക്കൊല്ലേ നിൻ
    നേത്രമീ മിത്ഥ്യാകല്പ്പ-

രൂപത്തിൻ ചില്ലിൽ, പുറം
    കാഴ്ചയിൽ, ചിന്താഹീനം;

കേവലമൊരു നെട്ട-
    വീർപ്പിനാൽ പ്പൊട്ടിച്ചിന്നി-

പ്പോവുമീ പ്രതിഭാസം
    വഞ്ചിയ്ക്കും യാത്രക്കാരെ.

Anno

പടയിൽത്തോററമ്പി, ക്കാൽ
പിടിച്ച രാജാക്കന്മാർ

പരിപാലിക്കാനാന്ന
പതിനായിരമശ്വം

കീഴിലന്നെനിക്കുണ്ടാ
യിരുന്നു! ഞാനെന്തിന്നു

പാഴിലെൻ തത്താദൃശ-
പ്രാഭവം വർണ്ണിയ്ക്കുന്നു?

ആയിരമനാഘ്രാത-
രാജകന്യകമാരു-

ണ്ടായിരുന്നിതന്നെൻെറ
യിച്ഛപോൽ വിഹരിപ്പാൻ.

പൂനിലാവുകൾ പോലെ,
പുതുയൌവനമാന്ന

മാനിനിമാരെത്തിര-
ഞ്ഞെത്ര ഞാൻ വരുത്തീല!

വീരമാതാക്കന്മാരാ-
യവരെല്ലാരും, സിംഹ-

ശൂരന്മാർ കുമാരന്മാ-
രവരിൽ പിറന്നു മേ.

നിസ്തുലമെൻ സമ്പന്ന
ഭണ്ഡാരം; അന്നെൻ മുമ്പിൽ

മസ്തകം സ്വയം താഴ്ത്തീ
കിഴക്കും പടിഞ്ഞാറും.

ഞാൻ വിചാരിച്ചു ശക്തി
ശാശ്വതമാണെന്നും, മ-

ജ്ജീവിതം കാലത്തിങ്കൽ
വേരുറച്ചതാണെന്നും.

എന്നുമേ മരിക്കാത്ത
മൃത്യുവിൽ നിന്നപ്പോഴാ-

ണെൻ കാതിൽ പതിച്ചതു
ശുദ്ധമാം സമാധാനം.

പടനായകന്മാരെ,
യശഃസൈനികന്മാരെ,

പ്പതീനായിരം പേരെ
ഞാനുടൻ വിളിപ്പിച്ചു;

ചീററുന്ന വാളും, വെട്ടി-
ത്തിളങ്ങും, ചവളവു-

മൂററത്തിലേന്തിക്കൊണ്ടു
വന്ദിച്ചു ചുററും നിന്നു.

സാമന്തരാജാക്കന്മാർ,
സമര പ്രഭുക്കന്മാർ,

കേമന്മാർ മദാജ്ഞാനു-
സാരമാഗതരായി.

"മാമക ഭണ്ഡാരത്തിൽ
നിന്നെടുക്കുവിൻ നിങ്ങൾ

മാമലയോളം പൊന്നും
പണവും രത്നങ്ങളും,

ഭൂവിൽ, ഞാനാശിക്കുന്നി–
    തൊററ വാസരം കൂടി–
ജ്ജീവിക്കാൻ,–എനിക്കതു
    സാധ്യമാക്കുമോ നിങ്ങറം!''

എവരുമധോമുഖം
    നിന്നു നിശ്ശബ്ദം വെറം–
പാവകറംപോലേ, ദൃപ്ത–
    മൃത്യുവെൻ ചെങ്കോൽ വാങ്ങി.

ആരു ഞാനെന്നോ?–'കഷ്ബിൻ
    ഷാദാദ്ബിനാദെ'ന്നെൻെറ
പേരു;–ഞാൻ മറാനാണു
    നിങ്ങ'ടെ ചരിത്രത്തിൽ!

V

മർത്ത്യസന്തതികളേ,
    'നാളെ'യിൽ വീണ്ടും 'നാളെ'
ച്ചേർത്തുചേർത്തെല്ലാമോ
    കണക്കുകൂട്ടും നിങ്ങറം;

ചാരവണ്ണത്തിൽ, പക്ഷേ,
　　മൃത്യുവിട്ടീടും പൂജ്യ–

മാരറിയുന്നു, കണ
　　ക്കൊക്കെയും തെററാകുന്നു.

ആരുടെ നിശ്വാസത്താൽ
　　സേന മൺ തരിയായി–

അീരുമാ മഹാശക്തൻ,
　　രാജപുംഗവന്മാക്കായ്

വെളിച്ചം കടക്കാതെ,
　　കാററുകേറാതെ,ന്നെന്നു–

മൊളിക്കാനിടുങ്ങിയ
　　മാടമൊന്നുണ്ടാകുന്നു!

ഉടൽ മണ്ണാകും നേര–
　　ത്തിരുണ്ട പൊത്തുരാജ്യ–

ത്തുണരും രാജാക്കന്മാർ
　　— മൃത്യുവിൻ പ്രജകളായ്!

## vi

മർത്ത്യരേ, മുന്നോട്ടേയ്ക്കു
    കാണാതേ, മിഴിരണ്ടും
കൈത്തലത്താലേ മൂടി
    ശ്ശാശ്വതമാണെന്നോണം

എന്തിഹ കളിപ്പതി-
    പ്പാതയി,ലില്ലാ ദൂര-
മന്തിയിൽ ചെന്നെത്തേണ്ടും
    ദിക്കിലീ വഴി മുട്ടും.

ആരുടെ മടിത്തട്ടിൽ
    പ്പിറന്നു സാമ്രാജ്യങ്ങ-
ളാ ജഗൽ പ്രഥിതരാം
    വീര്യവാന്മാരെങ്ങിപ്പോൾ?

എവിടെ 'യിറാക്കി'ലെ-
    'യിസ്പഹാ'നിലെ ശ്ശൈവര്യം
കവിയും പുലിവീര-
    രാകിയ ജേതാക്കന്മാർ?

## vii

ആരതു? പരിചിത–
    നല്ല നിങ്ങൾക്കാ പ്പാന്ഥൻ,
–ആരതു? വിളിക്കിലും
    നില്ക്കാതെ നീങ്ങീടുന്നു!

ആ വഴിയാത്രക്കാരൻ,
    മർത്ത്യരേ, ഭവദീയ–
ജീവിതമത്രേ; കാല–
    ത്തിൻെറ നേർക്കോടുന്നു!

എന്തിനാണീ ബദ്ധപ്പാ
    ടെന്നല്ലീ? വാനം തോള–
ത്തേന്തിടും മഹാദ്രിത–
    നപ്പുറത്തേതോ വീപ്പാൽ

പറന്നു വീണിട്ടുണ്ടീ
    പ്പാന്ഥനെ പ്പോലന്നന്നു
പല വെൺകൊററക്കുട–
    ക്കാരായ രാജാക്കന്മാർ;

—'ചീന'യെ, 'ഹിന്ദുസ്ഥാനെ',
ച്ചൊല്പടിക്കിരുത്തിയോർ,
'സീന'യെ, 'നബിയ'യെ,
വാളംത്തലയ്ക്കടക്കിയോർ!

അവരെസ്സന്ദർശിക്കാ
നഭിവാദനം ചെയ്യാ–
നിവനും പദം നീട്ടി–
നീട്ടിവെച്ചെത്തീടുന്നു.

## viii

മെലിഞ്ഞും കുഴിഞ്ഞതൻ
കണ്ണിലുൽക്കടമാത്തി
കലർന്നും, വളവാർന്ന
കാൽനഖമമത്തിയും

മരണം, മനുഷ്യരേ,
നിങ്ങ'ടെ തോളിലൃക്ഷം
ചുരുക്കിയിരിക്കയാ–
ണാ,വിശപ്പാളും നോട്ടം

നിങ്ങ്’ടെ കരത്തിലെ
മുന്തിരിച്ചഷകത്തിൽ,

നിങ്ങ’ടെ വിലാസിനി–
മാരുടെ കുളിർമാറിൽ!

നിത്യശൂന്യതയാകും
ചിലന്തി നെയ്തൊപ്പിച്ച

മിഥ്യയാം പ്രപഞ്ചത്തിൻ
വലയിൽപ്പെട്ടു നിങ്ങൾ!

മോഹമാം മഹ്ലാരത്ത–
ഗോപുരം പൊക്കിപ്പൊക്കി

മോളിലേറുവാൻ നിന്ന
മഹിതപ്രതാപന്മാർ

മൂങ്ങ മൂളിയ ശവ–
ക്കല്ലറയ്ക്കകത്തേതോ

മൂലയിലായി;—മൂങ്ങ
മൂളുന്നു കൊട്ടാരത്തിൽ!

# സ്വപ്നാലാപം

നെടിയൊരീച്ചാലു പുറപ്പെട്ടും കൊട്ട-
മുടിയുടെ സാനുപ്രദേശത്തെത്തി ഞാൻ,

ഒരു പഴയ മൺകുടത്തിൽ വെച്ചെന്നെ
വിരുതനാം ബാലനൊഴുക്കിനാനേകൻ.

വളരുന്നു ദാഹം പുഴയൊരു കണ്ണീർ-
പ്രളയമാണുപ്പാണിതിൽ മുഴുവനും.

ഒഴുകുമ്പോഴും നിത്യക്ഷുധാർത്തമീക്കുടം
വിഴുങ്ങുകയാണീ വിവശനാമെന്നെ.

ചിരിക്കയാണപ്പോളകലെനിന്നഹം-
കരിക്കുമാക്കുട്ടിയുറക്കെക്കൈയ്‌കൊട്ടി!

തുടിക്കും ഹൃത്തിന്റെ മിടിപ്പിൽ ഞാനാ കൈ-
യടിക്കുന്ന ശബ്ദമനുക്ഷണം കേൾപ്പൂ!

# അഭിവാദനം

Representative method.

ജീവിതത്തിന്റെ വിചിത്രവും അനാദ്യന്തവും ആയ ഘോഷയാത്രയിൽ നിയതിയുടെ ക്ഷണമനുസരിച്ചു് പങ്കുകൊള്ളുവാൻ ഭാഗ്യമുണ്ടായ ഒരു പുൽക്കൊടി അവളെ അഭിസംബോധനംചെയ്തു് കൃതജ്ഞതാഭിമാനങ്ങളോടെ ആലപിക്കുന്നതാണു്, ഈ ഗീതം.

i

വന്ദനം ദയാവതി
നിയതി! ഭവതിയീ–
സ്സുന്ദരചരാചര–
ഘോഷയാത്രയിൽച്ചേരാൻ

ഉദ്രസം ക്ഷണിക്കയോ
ജനനപ്രാക്കാലീന–
നിദ്രയിൽ നിന്നിക്ഷുദ്ര–
ക്ഷുദ്രമാം തൃണത്തേയും!

അല്ലെങ്കിൽ വാത്സല്യത്തിൻ
കൺകളിൽ വലുതെന്നു–
മില്ലല്ലോ ചെറുതെന്നും,
സർവവും സമംതന്നെ.

നിറയുന്നിതെൻ കണ്ണിൽ
കണ്ണുനീർ ജഡഹിമ–
മറയിങ്കൽ നിന്നാദ്യ–
മെൻ മുഖമുയരുമ്പോഴും.

കൊച്ചുപുൽക്കൊടിയാമെ-
    ന്നുള്ളിലുമഹംബുദ്ധി

പച്ചനാമ്പെടുത്തപ്പോൾ,
    നാലുദിങ്മുഖമെന്നിൽ

പുതുകൗതുകത്തോടേ
    തിരിഞ്ഞു; തുള്ളിപ്പോയ് ഞാ-

നതുലാത്ഭുതാവഹം
    നിൻ സംവിധാനം നോക്കി.

സ്വച്ഛന്ദശീലേ, നിന്നെ
    ക്കാണ്മൂ ഞാൻ ജഗത്തിന്റെ

യിച്ഛയിൽ, പ്പരിണാമ-
    പരമാം ചലനത്തിൽ !

ii

ഉന്നതവിഹാരത്തിൽ
    മുങ്ങിയ ഗിരികളു-

മുൽക്കടഹർഷോദ്രേകാ-
    ലിളകും കടൽകളും,

സ്ഥാനവും നിയമവും
തെറ്റാതെ മുൻപോട്ടേയ്ക്കു

താനനങ്ങീടും മഹാ-
ഗ്രഹതാരകങ്ങളും,

നിന്നപാരതയെന്നും
സ്വൈരമാസ്വദിക്കുന്നു

നിസ്തുലനാനാവർണ്ണ-
രഞ്ജിത ഖഗങ്ങളും,

സർഗശക്തിതൻ ശുദ്ധ-
ശുദ്ധമാമാഹ്വാനത്താൽ

സ്വർഗത്തെത്തപ്പിച്ചെല്ലും
സ്വപ്നത്തിൽ നിലീനമായ്

കാറ്റിനെക്കെട്ടിപ്പിടി-
ച്ചീടാനും വെളിച്ചത്തെ-

ക്കാമംപോൽ കുടിച്ചുള്ളിൽ
ഉജ്ജീവിത ലഹരികൾ

നിറഞ്ഞുവഴിഞ്ഞു നി-
ന്നൊക്കെയും മറക്കാനും

പിറവി മുതൽക്കു കൈയ്
നിവത്തും മരങ്ങളും,

ഭീകരം, സൗമ്യം, മുഗ്ദ്ധം,
ബീഭത്സമീമട്ടുള്ള

നൈകമാം ഭാവങ്ങളിൽ
ക്കലൎന്ന നിൻ ലാവണ്യം

സ്വീയമാം രൂപങ്ങളിൽ
നിഴലിപ്പി, ച്ചാരണ്യ-

ച്ഛായകളോരം ചുററി-
നടക്കും, മൃഗങ്ങളും

മേളിക്കും ജീവദ്ഘോഷ-
യാത്രയി,ലവയുടെ

തോളിൽക്കൈയ് വെച്ചുംകൊണ്ടീ
ക്കൊച്ചു പുൽക്കൊടി നില്പൂ!

## iii

കേവലം മറന്നുപോ-

കുന്നു ഞാൻ മമ ക്ഷുദ്ര-

ഭാവവും ക്ഷണികതാ-

ബോധവുമീ രംഗത്തിൽ!

മാമലയുടെ മഹൗ-

ന്നത്യവുമാകാശത്തിൻ

മാദകവിശാലമാം

സ്വച്ഛന്ദവികാസവും

സാഹസപരതയാൽ

സതതാസ്വാസ്ഥ്യം കോലും-

സാഗരങ്ങൾ തന്നന്ത-

ശ്ചൈതന്യപ്രസരവും

ആർപ്പിടും കൊടുങ്കാററിൻ

ഭാഷയുമെൻറതെന്നാ-

ണോർപ്പതു ഭവജൈത്ര-

യാത്രയിൽ ഞാൻ ചേരുമ്പോൾ!

ഹരിതം കൊടി നിവ-
ർത്തുന്നു ഞാനഭിമാന-

Anno

ഭരിതോല്ലോലാത്മാവാ-
യീ മഹാപ്രസ്ഥാനത്തിൽ!

താമസജഡാദിമ-
ശൂന്യതമേൽ നിൻ സദ്ഗ-

കാമനയുടെ കര-
കൗശലം പ്രകാശിക്കെ,

താവകസങ്കല്പത്തിൻ
പ്രഥമാങ്കുരങ്ങളാം

താരകൾ വെളിച്ചത്തിൻ
നാമ്പുകൾ ചലിപ്പിക്കെ,

ഈ മഹീതലത്തിന്നു
വിസ്മയഹർഷാലാർന്ന

കോൾമയിർപോലേനിന്നൊ-
രെൻപൂർവ പിതാമഹർ

കാളുമുന്മേഷത്തോടേ
    പച്ചനാമ്പുകളായ്
വാളുകളേന്തിക്കൊണ്ടു
    മൃതിയോടടരാടി

ആയവരുടെ സിര—
    യിങ്കലെസ്സങ്കല്പത്തിൻ
ഛായയിന്നെന്നിൽക്കൂടി
    പ്പരിപൂർണ്ണതനേടി.

ഭാവിതൻ വിഭാവന—
    മെന്നിലുണ്ടനസ്യൂത—
ജീവിതമേവം പച്ച
    ഞരമ്പാൽ നെയ്യിക്കും നീ.

## iv

മംഗലമാമീജ്ജീവ—
    ഘോഷയാത്രയിൽ ചേർന്നോ—
രംഗങ്ങളെല്ലാം നിത്യ—
    ശ്ലാഘ്യരാണെന്നാകിലും,

ഞാനഭിവാദ്യം ചെയ്‌വൂ
വിശ്വത്തിൻ കണ്ണായ്ത്തീർന്ന
മാനവവർഗ്ഗത്തിനെ!
— എന്തുധീരമാം രൂപം,

എന്തുധീരമാം ബുദ്ധി,
യെന്തൊരത്ഭുതസിദ്ധി,— നേട്ടം.
യെന്തൊരു കർമ്മോത്സുക-
മായ സാഹസികത്വം!

വൽസലനായീട്ടും നീ
മർത്ത്യനെപ്പോടിപ്പിക്കാൻ
മൽസരപാരുഷ്യങ്ങളാം
കളിയായ്ക്കാണിക്കുന്നു.

ആ മകനടിയ്ക്കടി
വിജയം പ്രാപിക്കുമ്പോ-
ളായതാഭിമാനത്താൽ
നീ മറക്കുന്നു നിന്നെ!

കണ്ണുകൾ ചിമ്മുന്നുണ്ട്
താരകങ്ങളിൽക്കൂടി
വിണ്ണുറക്കത്തിൽ; പക്ഷേ,
പ്രബുദ്ധൻ മർത്ത്യൻ മാത്രം.

നിയതി മനുഷ്യൻെറ
യുഗ്മക്കണ്ണിലൂടെ കാണ്മൂ
നിജസംവിധാനത്തിൻ
ലക്ഷ്യവും വൈചിത്ര്യവും.

കാലമാണിതുവരെ
ഞങ്ങളെ നയിച്ചതു,
കാലത്തിൻ കടിഞ്ഞാണു
മാനവനിതാ നേടീ.

ഉലകിൻ മുറ്റത്തായ
ഭാവിതൻ നേർക്കാണക്കൈക-
യുയരുന്നതാ, കഴ-
ലായുന്നതങ്ങോട്ടെത്താൻ.

Amao

മാനവപദങ്ങളീ-
യാത്രയിലെന്മേലേൽക്കെ

ഞാനഭിമാനിച്ചു നി-
ന്നഭിവാദനം ചെയ്‌വു!

# രണ്ടാം ഖണ്ഡം

ഇന്ത്യയുടെ ശബ്ദം മുഴങ്ങിത്തുടങ്ങിയിരിക്കുന്നു. അതു ഭൗതികശക്തിമത്തതയുടേയും അധാർമ്മികസമരത്തിൻേറയും അല്ല; ആത്മീയമാഹാത്മ്യത്തിൻേറയും സ്നേഹത്തിൻേറയും ആണു്. ലോകം അതു മനസ്സിലാക്കട്ടെ!

## i

**നീ** തിരിച്ചറിയുക
    ലോകമേ, കേൾപ്പൂ രണ്ടു-

മാതിരി ശബ്ദം നിന്റെ
    സംഭ്രാന്താന്തരിക്ഷത്തിൽ.

ഒന്നു ദുർജ്ജയമായ
    ശക്തിതൻ മുഖത്തിങ്കൽ-

നിന്നു പൊങ്ങുവതായി
    നീ പക്ഷേ, വിചാരിക്കാം.

വാളുകളുടെ ഝണൽ–
　　ക്കാരമുണ്ടാററംബോംബിൻ

വായ്ക്കുമൂഢതക്രൗര്യോ–
　　ന്മാദമുണ്ടതിൻ പിൻപേ.

ഡോളറിന്നിടിവാളു–
　　ണ്ടരിവാളുണ്ടാച്ചക്ര–

വാളത്തിൻ വളവിങ്ക–
　　ലൊക്കെയും, കാണാമാർക്കും.

കിഴക്കിൻ പ്രഭാതത്തെ
　　മായ്ക്കുവാനാർക്കും യുദ്ധ–

മഴക്കാറണിനിര–
　　ക്കുന്നതു കാണ്മീലേ നീ?

മുൻപിലേയ്ക്കായും കാലം
　　കാലു പിൻവലിക്കുന്നു,

സ്തംഭിക്കും ദിക്കിന്നെല്ലാം
　　തലചുററുന്നില്ലല്ലീ?

ഇനിയുമിറക്കമോ
തൻരക്തം സ്വയം ഭൂമി?

ഇനിയും സ്വയമവർ
തൻചിതയൊരുക്കമോ?

ബാലിശപരസ്പര-
ഭീതിയാലപസ്മാരം

ബാധിക്കും രാഷ്ട്രങ്ങൾ തൻ
രൂക്ഷചാപലങ്ങളെ,

തീയിലും രക്തപ്പുഴ-
ക്കത്തിലും വീഴാൻ, വീഴ്ത്താം.

നീ യിടയ്ക്കിടയ്ക്കുള്ള
സംരംഭങ്ങളെ, നോക്കി

പകച്ചു നില്പൂ കാലം;
രാജ്യങ്ങൾ തമ്മിൽത്തമ്മിൽ

പ്പകയാൽ ക്കൂരമ്പല്ലും
നഖവും കാണിയ്ക്കുന്നു.

‘അതലാന്തിക’ ‘ശാന്ത’–
സാഗരതടങ്ങളി–

ലലതല്ലീടുന്നോരാ–
സ്സംഹാരസംരാവത്തെ

നിർഭയം വിഗണിക്കും
മറെറാരു ശബ്ദം സ്നേഹ–

നിർഭരം പൊങ്ങീടുന്നു
വിശ്വമംഗളത്തിന്നായ്.

ഭീരുത, യബലത,
സംശയാകുലത, യീ–

പ്പേരുകളതിൻ നേർക്കു
ചൂണ്ടി നീ വിളിക്കുന്നോ?

നീ നിരായുധയാമാ–
നീതിതൻ സൗമ്യാഹ്വാനം

മാനിക്കാതിരിക്കുകിൽ
ചരിത്രം സഹിക്കുമോ?

പല 'കോളനി'കൾ ത-
ന്നെല്ലകൾ കൂടിക്കാൻ

പടുസാമ്രാജ്യത്തിൻെറ
കൂത്ത് പല്ലിളക്കാനും,

മഹിതാത്മവീര്യത്തെ-
യാശ്രയിച്ചാ സ്സിംഹത്തിൻ-

മരണപ്പിടി മിത്രാ-
ശ്ലേഷമായ് മാററീടാനും

സഹനവ്രതംകൊണ്ടു
സാധിച്ച നാടിൻ ധർമ്മ-

സമരസ്വരം തിരി-
ച്ചറിവാനാവില്ലെന്നോ?

സംശയചകിതയ-
ല്ലിന്ത്യ ദുർബ്ബലയല്ല;

സംത്യജിയ്ക്കില്ലാധൈര്യ-
മാപത്തു ചൂഴുമ്പോഴും.

പാരിനെയൊന്നായ്
കെട്ടിപ്പുണരാൻ വെമ്പീടുന്ന,

പാരിൻെറ തോരാക്കണ്ണീ-
രൊപ്പുവാൻ മോഹിക്കുന്ന,

പാവനകരങ്ങളാൽ
പടവാളെടുക്കുകിൽ,

പാരിക്കും നാശത്തിൻെറ
പടഹമടിയ്ക്കുകിൽ,

ചീനയെയപായത്തിൻ
മാർഗ്ഗത്തിൽനിന്നും മാററാൻ,

ദീനയാം കൊറിയതൻ
മുറിവത്രയും കെട്ടാൻ,

അടിമക്കുഴികളി-
ലാണ്ട നാടിനെയെല്ലാ-
മലിവോടെടുക്കുവാൻ,
പൊക്കുവാ,നവർക്കാമോ?

കിഴക്കു ചുവന്നുപോയ്,
'ചെങ്കൊടി'യാകാശത്തിൽ

കിളരുന്നതിൻ ശോണ-
ദ്യുതിയല്ലതിൻ പിൻപിൽ.

ഉണരുന്നൊരേഷ്യത-
ന്നുജ്ജ്വലമുഖത്തിങ്ക-

ലുയരും തുടുപ്പിനെ
നീ തിരിച്ചറിഞ്ഞാലും!

ഉണരുന്നൊരേഷ്യതൻ
ചങ്ങലയഴിക്കുവാ-

നുഴറുന്നൊരെൻ നാടിൻ
ഹൃദയം ഗ്രഹിച്ചാലും!

വിക്രമമേറും സിംഹ-
ത്രയത്തെ സ്വയം ധർമ്മ-

ചക്രത്തിൽ പ്രതിഷ്ഠിച്ചോ-
രൃഷിനാടുദ്ഘോഷിപ്പൂ,

Anno

മൃഗശക്തിയെ സ്സത്യ-
ധർമ്മാധിഷ്ഠിതമാക്കും-

യുഗമാരംഭിക്കുന്ന
ധന്യമാം മുഹൂർത്തത്തെ!

ഭാരതമിരുപത്തി-
യഞ്ചു നൂററാണ്ടിൻമുൻപു

പാരിനെ വിളിച്ചോരാ
സ്നേഹാർദ്രസ്വരത്താലേ

തനിയേ പ്രശാന്തിതൻ
പീഠത്തിൽനിന്നും ധീര-

മിനിയും വിളിപ്പൂ; നീ,
ലോകമേ! ബധിരമോ?

# ഗീതകങ്ങൾ

മഞ്ഞുതുള്ളി ചെറുതാണു്; എങ്കിലും അതിനുമുണ്ടു് സ്വകീയമായ രൂപവും തികവും അഴകും. സൂര്യപ്രകാശത്തെ എത്ര സുഭഗമായി അതു പ്രതിഫലിപ്പിക്കുന്നു! ഗീതകങ്ങൾക്കു് ഹിമബിന്ദുവിനോടാണു സാമ്യം.

'പ്രസ്ഥാനത്രയം' പിറക്കുന്നതിനു മുൻപുതന്നെ എന്റെ 'ശൈശവം' മുതലായ ഗീതകങ്ങൾ വെളിച്ചം കണ്ടുകഴിഞ്ഞിരുന്നു. ആ കവിതകൾ കാണിച്ചപ്പോഴാണു്, പണ്ഡിതനും കവിയുമായ ശ്രീ: പി. ശങ്കരൻനമ്പ്യാർ സോണററിനു ഗീതകം എന്ന പേരാണു സ്വീകാര്യം എന്നുപദേശിച്ചതു്.

# കൊയ്ത്തുകാരി

പാരിനു മുഴുവനായ്
ഭാവിയെക്കൊയ്യും കൊയ്ത്തു
കാരിയെ പ്രതീക്ഷിച്ചി-
ജ്ജീവിതക്ഷേത്രത്തിങ്കൽ,

ലോകമേ, ഭവൽസ്നേഹാൽ
ഭ്രാന്തനാകിന കവി-
യേകനായലകയാം
കാററിലാ മേഘം പോലെ.

കതിരിട്ടതാം വാനിൻ
പാടത്തെ നമുക്കായി-
ട്ടതിരററ ഹർഷത്താൽ
ക്കൊയ്യൊരാ വിഭാതശ്രീ

കിഴക്കൻകുന്നിൻമീതേ
കൂടി നൃത്തമാടിക്കൊ-
ണ്ടഴകാന്നിറങ്ങുമ്പോഠം
നാലുപാടും ഞാൻ നോക്കി.

ഏതിലും കാണാ'മെന്റെ
തന്റെ'തിസ്സിദ്ധാന്തത്തിൻ
വേർതിരിപ്പാകും മുള്ളു-
വേലികളറ്റത്തോളം.

ജീവിതം വികൃതമാം
മത്സരമാക്കിത്തീർക്കും
ഭുവിലെ വേലിക്കെട്ടിൻ
കെട്ടുകളറുക്കാനും,

സുന്ദരസ്വപ്നത്തിന്റെ
വിളവെല്ലാർക്കും കൊയ്യാൻ
സന്ദർഭം കൊടുക്കാനു
മവളെത്തുകില്ലെന്നോ?

## ത്തുമ്പക്കാരൻ

താരകസമുദയ-
മവിഭക്താകാശത്തെ
സ്വീയമാം പ്രകാശത്താൽ
ത്തിളക്കും നിശീഥത്തിൽ,

ധീരമാകുമാ ദ്രിവ്യ-
മണ്ഡലത്തിലെ സ്വച്ഛ-

മായ ശാന്തിയെ സ്വൈര-
മൊന്നുപോൽ നുകരുമ്പോഴും,

ഭീതിതൻ മേഘങ്ങളും
വൈരത്തിൻ കൊടുങ്കാററും

കാതിൽ വന്നലറുന്ന
മന്നിൽ ഞാൻ കണ്ണോടിച്ചു.

ഏതിലും കാണാ'മെന്റെ-
തെ'ന്ന വാദത്തിനൂന്നാം

നീതിതാൻ നിവർത്തിടു-
മതിർത്തികല്ലുങ്ങോളം.

കാലുകളീടസ്സീട-
സ്സീവയിൽ ഞട്ടി ച്ചോര-

ച്ചാലുമായ്, ച്ചകിതയാ
യെന്റെ ഭാവനാന്തില്ലം.

Anno

ഈയതിർവരമ്പുമീ
നീതിയും ഏത്തിൽച്ചേർക്കും

ഛായകാംക്കൂടി–
ക്കിളച്ചകലെക്കളയുവാൻ

ധാരവേ ബലിഷ്ഠമാം
കൈകളാണ്ടൊരു തുമ്പ–

ക്കാരനെത്തിയാലയാം
ക്കർപ്പിക്കും ഞാനെൻ ഗാനം.

K. SUDHAKARAN NADAR.
UNIVERSITY COLLEGE
TRIVANDRUM.

206

KIDARAKKUZHI
GRANDHASALA
KIDARAKUZHI
VENGANOOR.